(ബി) ആകെ 2086.856 ലക്ഷം രൂപ.

(സി) സ്വകാര്യ വ്യക്തികൾക്ക് 1982-83, 1983-84, 1984-85 എന്നീ വർഷങ്ങളിൽ വിതരണം ചെയ്ത തൈകളിൽ ശരാശരി 38 മുതൽ 48 ശതമാനം വരെയും സർക്കാർ വക തോട്ടങ്ങളിൽ 1982 മുതൽ 1984 വരെയുള്ള വർഷങ്ങളിൽ നട്ടുപിടിപ്പിച്ചവയിൽ ശരാശരി 73 ശതമാനവും തൈകൾ അതിജീവിച്ചിട്ടുണ്ട്. 1985-ൽ വിതരണം ചെയ്ത തൈകളുടെ അതിജീവന ശതമാനം തിട്ടപ്പെടുത്തുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

വനത്തിൽനിന്നുള്ള വരുമാനം

1635. [2454] ശ്രീമതി പി. വേലായുധി : താഴെ കാണുന്ന ചോദ്യത്തിന് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1980-81 മുതൽ 1986 ഒക്ടോബർ മാസം 31 വരെ ഓരോ വർഷവും വനത്തിൽ നിന്നുള്ള വരുമാനം എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

1980-81-ൽ	4572.87	ലക്ഷം രൂപ
1981-82-ൽ	5191.23	,,
1982-83-ൽ	4964.13	,,
1983-84-ൽ	4074.61	,,
1984-85-ൽ	3391.64	,,
1985-86-ൽ	4254.43	,,
1986-87 മുതൽ 30-9-1986 വരെ	2649.46	,,

1986 ഒക്ടോബർ മാസത്തെ സ്ഥിതിവിവര കണക്കുകൾ തയ്യാറായിട്ടില്ല.

വനം കയ്യേറ്റത്തെപ്പറ്റിയുള്ള ഹൈക്കോടതിയുടെ പരാമർശം

1636. [2455] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കാനം രാജേന്ദ്രൻ :
,, പി. കുമാരൻ :
,, കെ. ടി. കുമാരൻ :
,, കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വനം കയ്യേറ്റക്കാരിൽനിന്നും വനഭൂമി രക്ഷിക്കാൻ വനം വകുപ്പ് നടത്തുന്ന ശ്രമങ്ങളെ റവന്യൂ ഉദ്യോഗസ്ഥൻമാർ എതിർക്കുകയാണെന്നുള്ള കേരള ഹൈക്കോടതിയുടെ പരാമർശം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

ഇക്കാര്യത്തിൽ പത്രങ്ങളിൽ ചില പരാമർശങ്ങൾ കണ്ടതല്ലാതെ ഔദ്യോഗികമായി വിവരം കിട്ടിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly